**മധുരമായ കുട്ടികളെ – ബ്രഹ്മാവ് വിഷ്ണുവും, വിഷ്ണു ബ്രഹ്മാവുമായി മാറുന്നതെങ്ങനെയാണ്, രണ്ടുപേരും പരസ്പരം നാഭിയിൽ നിന്നെങ്ങനെയാണ് വരുന്നത്, ഈ രഹസ്യം തെളിയിച്ച് മനസ്സിലാക്കി കൊടുക്കൂ.**

**ചോദ്യം** – സൂക്ഷ്മ ബുദ്ധിയുള്ള കുട്ടികൾക്ക് മാത്രം മനസ്സിലാക്കാൻ സാധിക്കുന്ന ഗുപ്തമായ കാര്യമേതാണ്?
**ഉത്തരം** – നമ്മൾ എല്ലാവരുടെയും വലിയ അമ്മ, ഈ ബ്രഹ്മാവാണ്, നമ്മൾ അവരുടെ മുഖവംശാവലികളാണ്. ഇത് വളരെ ഗുപ്തമായ കാര്യമാണ്. ബ്രഹ്മാവിന്റെ പുത്രിയാണ് സരസ്വതി. അവർ വളരെ സമർത്ഥശാലിയാണ്, വിദ്യാദേവിയാണ്. ബാബ ജ്ഞാനത്തിന്റെ കലശം അമ്മമാരിലാണ് വെച്ചിരിക്കുന്നത്. മാതാവിന്റെ മഹിമ പാടപ്പെട്ടിട്ടുള്ളതാണ്. അവർ എല്ലാവർക്കും മനസ്സിലാക്കി കൊടുക്കും വിശ്വത്തിൽ എങ്ങനെ ശാന്തിയുണ്ടാവുന്നു.

**ഗീതം** – ഭോലാനാഥനെ പോലെ വിചിത്രനായി വേറെയാരും തന്നെയില്ല......

**ഓംശാന്തി**. പതിതരെ പാവനമാക്കുന്നവനെന്ന് തീർച്ചയായും ഭഗവാനെ മാത്രമേ പറയൂ ശങ്കരനെയല്ല. ഭോലാനാഥനെന്നും ശിവനെ മാത്രമേ പറയൂ, ശങ്കരനെ പറയില്ല. തോണിക്കാരനെന്നും ശിവനെ മാത്രമേ പറയൂ, ശങ്കരനെയോ, വിഷ്ണുവിനെയോ പറയില്ല. തോണിക്കാരൻ അഥവാ ഗോഡ് ഫാദർ എന്ന് പറയുമ്പോൾ നിരാകാരന്റെ നേർക്ക് ബുദ്ധി പോകുന്നു. ത്രിമൂർത്തിയുടെ ചിത്രമാണെങ്കിൽ പ്രസിദ്ധമാണ്. ഗവൺമെന്റിന്റെ മുദ്രയുണ്ട് (കോട്ട് ഓഫ് ആംസ്), അതിൽ മൃഗങ്ങളെയാണ് കാണിച്ചിട്ടുള്ളത്. അതിൽ സത്യമേവ ജയതേ എന്ന് എഴുതിയിട്ടുണ്ട്. ഇപ്പോൾ മൃഗങ്ങളുമായി അതിന് ഒരു അർത്ഥവുമില്ല. ഗവൺമെന്റിന്റെ ചിഹ്നത്തിന്റെ നാണയമുണ്ട്. വലിയ–വലിയ രാജധാനികൾക്കെല്ലാം അവരുടെ ചിഹ്നമുണ്ട്. ഭാരതത്തിൽ ത്രിമൂർത്തി പ്രസിദ്ധമാണ്. ബ്രഹ്മാവ്, വിഷ്ണു, ശങ്കർ, അതിൽ ശിവന്റെ ചിത്രം അപ്രത്യക്ഷമാക്കിയിരിക്കുന്നു എന്തുകൊണ്ടെന്നാൽ ശിവന്റെ അറിവ് മാത്രമില്ല. ഗോഡ് ഫാദർ എന്ന് പറയുമ്പോൾ ബുദ്ധി നിരാകാരന്റെ നേർക്ക് പോകും. ബ്രഹ്മാ, വിഷ്ണു, ശങ്കറിനെ ഗോഡ് ഫാദർ എന്ന് പറയുകയില്ല. ഗോഡ് ഫാദർ ആത്മാക്കളുടെയാണ്. അത് ഉയർന്നതിലും ഉയർന്നതാണ്. കാണിച്ചിട്ടുമുണ്ട് ഉയർന്നതിലും ഉയർന്ന ഭഗവാൻ. ഉയർന്നതിലും ഉയർന്ന ബ്രഹ്മാവെന്നും വിഷ്ണുവെന്നും ശങ്കരനെന്നും പറയില്ല, ഉയർന്നതിലും ഉയർന്നത് ഒരു ഭഗവാനാണ്. ഇത് എല്ലാവർക്കും അറിയാം. സിക്കുകാരും ഭഗവാന്റെ മഹിമ പാടുന്നു. ഗുരു നാനാക്കിനും ഈ ജ്ഞാനമുണ്ടായിരുന്നു മനുഷ്യനെ ദേവതയാക്കി മാറ്റുന്നത് പരംപിതാ പരമാത്മാവിനല്ലാതെ വേറെയാർക്കും സാധിക്കില്ല. സത്യയുഗത്തിൽ തീർച്ചയായും ദേവതകൾ വസിക്കുന്നു. പക്ഷെ ദേവതകളെ രചിക്കുന്നത് പരംപിതാ പരമാത്മാവ് തന്നെയാണ്. പരമാത്മാവ് ദേവതകളെ എങ്ങനെ രചിക്കുന്നു, ഇതറിയുകയില്ല. മഹിമ പാടുന്നു – മുഷിഞ്ഞ വസ്ത്രങ്ങൾ അലക്കുന്നു. അതിനാൽ മുഷിഞ്ഞ വസ്ത്രം പോലെയായിരുന്ന മനുഷ്യരെ ദേവതയാക്കി. പക്ഷെ ആക്കിയതെപ്പോഴെന്ന് എഴുതിയിട്ടില്ല. നിങ്ങൾക്കറിയാം ശരിക്കും ഈ സമയത്താണ് പരമാത്മാവ് മനുഷ്യനെ ദേവതയാക്കി മാറ്റികൊണ്ടിരിക്കുന്നതെന്ന്. തീർച്ചയായും ദുർഗതിയിൽ നിന്ന് സദ്ഗതിയുണ്ടാവും, ഭ്രഷ്ടാചാരിയെ ശ്രേഷ്ഠാചാരിയാക്കി മാറ്റും! നിങ്ങൾക്ക് മനസ്സിലാക്കാൻ സാധിക്കും ഈ ഭാരതത്തിൽ തന്നെയാണ് ശ്രേഷ്ഠാചാരിയായ ദേവതകൾ ഉണ്ടായിരുന്നത്. ഗുരു നാനാക്ക് വന്നപ്പോൾ ഭ്രഷ്ടാചാരീ ലോകമായിരുന്നല്ലോ, അപ്പോഴാണല്ലോ പാടിയിരുന്നത്. ലക്ഷ്മീ നാരായണൻ മുതലായവരുടെ ചിത്രമുണ്ടായിരുന്നല്ലോ, അവരുടെയൊപ്പമാണ് ഇവരുടെ താരതമ്യം ചെയ്യുന്നത്. ഗുരു ഗോവിന്ദ് സിംഗിന്റെ ജനനം വളരെ ആർഭാടത്തോടെ ആഘോഷിക്കുന്നു. സിക്ക് മതത്തിന്റെ രചയിതാവാണ്. സ്വയം പറയുന്നു ഭഗവാൻ നിരാകാരൻ –നിരഹങ്കാരിയാണ്. വന്ന് മനുഷ്യരെ പതിതത്തിൽ നിന്ന് പാവനമായ ദേവതയാക്കി മാറ്റുന്നു. ശ്രീകൃഷ്ണന് മനുഷ്യനെ ദേവതയാക്കി മാറ്റാൻ സാധിക്കില്ല. ഗീതയിലുമുണ്ട് ഞാൻ നിങ്ങളെ സഹജമായ രാജയോഗം പഠിപ്പിച്ച് ശ്രേഷ്ഠാചാരിയായ മഹാരാജാവും മഹാറാണിയുമാക്കി മാറ്റുന്നു. പതിത പാവനനെന്ന് ഗോഡ് ഫാദറിനെ മാത്രമേ പറയൂ. ഗോഡ് ഫാദർ തീർച്ചയായും ഭ്രഷ്ടാചാരിയായ ലോകത്തിലാണ് വരുക. അവരോട് പറയുന്നു വന്ന് പാവനമാക്കി മാറ്റൂ. ശ്രേഷ്ഠാചാരിയാക്കി മാറ്റുന്നത് ഒരേയൊരു നിരാകാരനായ ബാബ ഉയർന്നതിലും ഉയർന്ന ഭഗവാനാണ് പിന്നീട് ബ്രഹ്മാ, വിഷ്ണു, ശങ്കർ, ഇവർ പരംപിതാ പരമാത്മാവിന്റെ രചനയാണ്. അവരുടെ ചിത്രമാണെങ്കിൽ ഇല്ല. ഇപ്പോൾ ബാബ മനസ്സിലാക്കി തരുന്നു വിഷ്ണുവിന്റെ നാഭിയിൽ നിന്ന് ബ്രഹ്മാവ് വന്നു പിന്നീട് ബ്രഹ്മാവിന്റെ നാഭിയിൽ നിന്ന് വിഷ്ണുവെങ്ങനെ വരും, എന്തു കൊണ്ടെന്നാൽ ബ്രഹ്മാവ് തന്നെ വിഷ്ണു, വിഷ്ണു തന്നെ

ബ്രഹ്മാവായി മാറുന്നു. ബ്രഹ്മാവിലൂടെ സ്ഥാപന പിന്നീട് അതേ ബ്രഹ്മാവും സരസ്വതിയും അടുത്ത ജന്മത്തിൽ വിഷ്ണുവിന്റെ രണ്ട് രൂപമായ ലക്ഷ്മീ നാരായണനായി മാറി പാലന ചെയ്യുന്നു. അതിനാൽ ബ്രഹ്മാ- സരസ്വതിയിൽ നിന്ന് ലക്ഷ്മീ നാരായണൻ. ബ്രഹ്മാവ് പറയും ഞാൻ തന്നെയാണ് വിഷ്ണുവിന്റെ രണ്ട് രൂപമായ ലക്ഷ്മീ നാരായണനായി മാറുന്നത്. പിന്നീട് ലക്ഷ്മീ നാരായണൻ പറയും ഞങ്ങൾ തന്നെയാണ് ബ്രഹ്മാ സരസ്വതി അപ്പോൾ പരസ്പരം നാഭിയിൽ നിന്ന് വന്നതാണല്ലോ. നമ്മൾ തന്നെ ദേവത പിന്നെ ക്ഷത്രിയൻ, വൈശ്യൻ, ശൂദ്രനായി മാറും. ഇത് വളരെയധികം മനസ്സിലാക്കേണ്ട കാര്യങ്ങളാണ്. അതെല്ലാം അസത്യമാണ്. ഈ സംഗമത്തിന്റെ സമയം ആർക്കും അറിയുകയില്ല. മനുഷ്യരെ ഘോരമായ അന്ധകാരത്തിൽ അകപ്പെടുത്തിയിരിക്കുകയാണ്. കലിയുഗത്തിന്റെ ആയുസ്സ് ഇത്രയും ലക്ഷക്കണക്കിന് വർഷത്തിന്റെയാണ്. സത്യയുഗത്തിന്റെ ആയുസ്സ് ഇത്രയാണ്. ഇങ്ങനെയിങ്ങനെയുള്ള കാര്യങ്ങൾ കേൾപ്പിച്ച് ഘോരമായ അന്ധകാരത്തിൽ അകപ്പെടുത്തിയിരിക്കുകയാണ്. ബാബ പറയുന്നു ആരാണോ എന്നെ തിരിച്ചറിഞ്ഞത് ആ കുട്ടികളുടെ മുന്നിൽ ഞാൻ സന്മുഖത്താണ്. ബാക്കി എന്നെ തിരിച്ചറിയുന്നേയില്ല. അവർ മനസ്സിലാക്കുന്നേയില്ല ഇതാരാണ് എന്ന്. ഏതെങ്കിലും വലിയ സഭയിൽ പോയാൽ അവർ അറിയുക പോലുമില്ല. നിങ്ങളിലും ബുദ്ധിമുട്ടിയാണ് മനസ്സിലാക്കുന്നത്. ഇടയ്ക്കിടയ്ക്ക് മറന്നു പോകുന്നു. ഇതാണെങ്കിൽ വലുതിലും വലിയ ഹൈയസ്റ്റ് അതോറിറ്റിയാണ്. പോപ്പിനെ നോക്കൂ എത്രയാണ് ആദരവ് കൊടുക്കുന്നത്. പോപ്പ് ആരാണ്? അദ്ദേഹം ക്രിസ്ത്യൻ കുലത്തിലെയാണ്. ഇത് അന്തിമ ജന്മമാണ്. ക്രിസ്തുവിന്റെ സമയം മുതൽ പുനർജന്മം എടുത്ത് ഇപ്പോൾ തമോപ്രധാന അവസ്ഥയിലാണ്. എല്ലാവരും പതിതരാണ്. പരസ്പരം ദു:ഖം കൊടുത്തുകൊണ്ടിരിക്കുന്നു. ബാബ പറയുന്നു - ഇതും ഉണ്ടായതും ഉണ്ടാക്കപ്പെട്ടതുമായ കളിയാണ്. അതിനാൽ ഉയർന്നതിലും ഉയർന്നത് നിരാകാരനായ ഭഗവാനാണ് പിന്നീട് ബ്രഹ്മാ, വിഷ്ണു, ശങ്കർ. ബ്രഹ്മാവിലൂടെ സ്ഥാപന. ആരിലൂടെയാണോ സ്ഥാപനയുണ്ടാകുന്നത് അവരിലൂടെ തന്നെ പാലനയുമുണ്ടാകും. അതിനാൽ ഈ ബ്രഹ്മാ സരസ്വതിക്ക് പിന്നീട് ലക്ഷ്മീ നാരായണനായി മാറണം. ലക്ഷ്മീ നാരായണൻ തന്നെയാണ് ഇപ്പോൾ വന്ന് ബ്രഹ്മാ സരസ്വതിയായി മാറിയിരിക്കുന്നത്. പ്രജാപിതാവിന്റെ മുഖവംശാവലിയാണിത്. കൃഷ്ണനെ പ്രജാപിതാവെന്ന് പറയുകയില്ല. ഇവരുടെ പേര് തന്നെയാണ് പ്രജാപിതാ ബ്രഹ്മാവ്. ബ്രഹ്മാവിലൂടെ തീർച്ചയായും ബ്രാഹ്മണർ വേണം. ബാബ പറയുന്നു ബ്രഹ്മാവിനെ ദത്തെടുത്തിരിക്കുകയാണ്. എനിക്ക് ഇവരെ തന്നെ ബ്രഹ്മാവാക്കണം, ആരാണോ പൂർണ്ണമായും 84 ജന്മങ്ങളുനുഭവിച്ച് ഇപ്പോൾ അന്തിമ ജന്മത്തിലുള്ളത്. ബ്രഹ്മാവ് ഒന്ന് മാത്രമായിരിക്കുമല്ലോ. ഇദ്ദേഹം തന്റെ ജന്മത്തെ അറിയുന്നില്ല അതിനാൽ എങ്ങനെയാണോ ബ്രഹ്മാവിനിരുന്ന് മനസ്സിലാക്കി കൊടുക്കുന്നത് അപ്പോൾ തീർച്ചയായും ബ്രാഹ്മണരുമുണ്ടാകും. ബ്രാഹ്മണർ ബ്രഹ്മാവിന്റെ മുഖവംശാവലിയാണ്. ഇവരെല്ലാം ദത്തെടുത്ത കുട്ടികൾ കുമാർ-കുമാരിമാരാണ്. പ്രജാപിതാവിന്റെ മുഖവംശാവലി തീർച്ചയായും ഉണ്ടാകും. ഇത് വളരെയധികം മനസ്സിലാക്കേണ്ട കാര്യങ്ങളാണ്. സ്വയം മനസ്സിലാക്കി തരുന്നു എനിക്ക് അനേക ജന്മങ്ങളുടെ അന്തിമത്തിൽ വരേണ്ടി വന്നു. സത്യയുഗത്തിൽ ആദ്യമാദ്യം ഈ ലക്ഷ്മീ നാരായണനായിരുന്നു. തീർച്ചയായും ഇവർ തന്നെയായിരിക്കും 84 ജന്മങ്ങളെടുത്തിട്ടുണ്ടാവുക. മറ്റുള്ളവർ തീർച്ചയായും കുറച്ചേ ജന്മങ്ങളെടുത്തിട്ടുണ്ടാവൂ. ഈ ബ്രഹ്മാവ് തന്നെയാണ് പിന്നീട് വിഷ്ണു ജോടിയാവുക. അതിനാൽ എത്ര മനസ്സിലാക്കേണ്ട കാര്യങ്ങളാണ്. ആദ്യമാദ്യം ഈ നിശ്ചയമുണ്ടായിരിക്കണം ഈ ജ്ഞാനം കൃഷ്ണന് നൽകാൻ സാധിക്കില്ല. പിന്നീട് പാടുന്നു സ്വയം തന്നെ പൂജ്യൻ, സ്വയം തന്നെ പൂജാരീ. ഭക്തിമാർഗ്ഗത്തിൽ പൂജാരിയാണ്, ജ്ഞാനമാർഗ്ഗത്തിൽ പൂജ്യനും. വിഷ്ണുവിന്റെ രണ്ട് രൂപം പൂജ്യരായിരുന്നു. പിന്നീട് ഈ ബ്രഹ്മാവ് തന്നെ പൂജാരിയായി മാറി വിഷ്ണുവിന്റെ പൂജ ചെയ്തിരുന്നു. പറയുന്നു ഞാൻ തന്നെയാണ് വിഷ്ണുവിന്റെ പൂജാരിയായിരുന്നത്. ഇപ്പോൾ ഞാൻ തന്നെയാണ് വിഷ്ണു പൂജ്യനായി മാറികൊണ്ടിരിക്കുന്നു, തതത്വം. ഇതിനെ ഗുഹ്യത്തിലും ഗുഹ്യമായ കാര്യമെന്ന് പറയുന്നു. ബ്രഹ്മാവ് എവിടെ നിന്ന് വന്നു! ഇതും നിങ്ങൾക്ക് മാത്രമേ അറിയൂ. വിഷ്ണുവിന്റെ രണ്ട് രൂപമായ ലക്ഷ്മീ നാരായണന് 84 ജന്മം പൂർത്തിയാക്കി അന്തിമത്തിൽ പതിതമായി മാറണം. കുലം തന്നെ പതിതമായി മാറും അപ്പോൾ ഞാൻ വന്ന് സ്ഥാപന ചെയ്യും ബാക്കി എല്ലാ ധർമ്മങ്ങളെയും ഇല്ലാതാക്കും. വീണ്ടും സഹജ രാജയോഗം പഠിപ്പിച്ച് ശ്രേഷ്ഠാചാരീ ദേവീ-ദേവതാ ധർമ്മത്തിന്റെ സ്ഥാപന ചെയ്ത്, ബാക്കി ഏതെല്ലാം ഭ്രഷ്ടാചാരീ ധർമ്മമുണ്ടോ അതെല്ലാം വിനാശം ചെയ്യിപ്പിക്കുന്നു. രാമരാജ്യത്തിൽ വേറെ ഒരു ധർമ്മവുമുണ്ടായി രിക്കുകയില്ല. ഇപ്പോൾ എല്ലാ ധർമ്മവുമുണ്ട്. ഭാരതത്തിലെ യഥാർത്ഥ ധർമ്മമില്ല, അത് വീണ്ടും സ്ഥാപിതമായികൊണ്ടിരിക്കുകയാണ്. ചിത്രവുമുണ്ട്. ത്രിമൂർത്തിയുടെ മുകളിൽ ശിവനുമുണ്ട്. ബ്രഹ്മാവും സരസ്വതിയും തന്നെയാണ് ലക്ഷ്മീ നാരായണൻ, അവർ തന്നെയായിരുന്നു രാധയും കൃഷ്ണനും. രാധയുടെ രാജധാനി വേറെയായിരുന്നു. കൃഷ്ണൻ തന്റെ രാജധാനിയിലെതാണ്. ജ്ഞാനത്തിന്റെ വീണ രാധയുടെയടുത്തില്ല. സരസ്വതി ജ്ഞാനത്തിലൂടെ ഭാവിയിൽ രാധയായി മാറുന്നു. സരസ്വതിയെ വിദ്യാദേവീ എന്ന് പറയുന്നു. അവർക്ക് തീർച്ചയായും ബാബയിലൂടെ ജ്ഞാനം ലഭിച്ചിട്ടുണ്ടാവും. സരസ്വതി

ബ്രഹ്മാവിന്റെ പുത്രിയാണ്. പ്രജാപിതാ ബ്രഹ്മാവുണ്ടെങ്കിൽ ജഗദംബയും വേണം. വാസ്തവത്തിൽ ഇത് ഗുപ്തമായ കാര്യമാണ്. വലിയ അമ്മയാണെങ്കിൽ ഈ ബ്രഹ്മാവാണ്. ഇവരിലൂടെ മാതാക്കൾക്ക് ജ്ഞാനം നൽകുന്നു. വലിയ പുത്രി ജഗദംബയെന്ന് പാടപ്പെടുന്നു. ഇല്ലായെങ്കിൽ ബ്രഹ്മാമുഖത്തിലൂടെ ദത്തെടുക്കുന്നുവെങ്കിൽ ഇത് മാതാവായി. ബുദ്ധിശാലിയിലും ബുദ്ധിശാലി ബ്രഹ്മാവിന്റെ പുത്രി സരസ്വതി. അവർ എവിടെ നിന്ന് വന്നു? ബ്രഹ്മാവിന് ഭാര്യയാണെങ്കിലില്ല. ബ്രഹ്മാവ് പ്രജാപിതാവാണ്. അതിനാൽ അവർ മുഖവംശാവലിയാണ്. ഈ ഡ്രാമയും അനാദിയായി ഉണ്ടായതും ഉണ്ടാക്കപ്പെട്ടതുമാണ്. അതിനാൽ വിദ്യാ ദേവിയാണ് സരസ്വതി. ഇപ്പോൾ മതസമ്മേളനം നടത്തുന്നു അതിൽ നിരാകാരനായ ശിവബാബക്കാണെങ്കിൽ പോകാൻ സാധിക്കില്ല. ബ്രഹ്മാവിനെയും ഇരുത്താൻ സാധിക്കില്ല. മാതാവിന്റെ മഹിമയാണ്. എല്ലാ ധർമ്മത്തിലുള്ളവരുടെയും ഹെഡ് മാതാവായിരിക്കണം.എല്ലാവരുടെയും മാതാവായ ജഗദംബ ഇരുന്ന് താരാട്ട് പാടുന്നു. കുട്ടികൾ ജനിക്കുന്നത് അമ്മയിലൂടെയാണ്. ജഗദംബ എല്ലാവരുടെയും അമ്മയായി, അതിനാൽ എല്ലാവർക്കും അവരുടെ മുന്നിൽ തല കുനിക്കേണ്ടി വരുന്നു. മാതാവിന് മനസ്സിലാക്കികൊടുക്കാൻ കഴിയുന്നു – ഈ ഭ്രഷ്ടാചാരീ ലോകം എങ്ങനെ ശ്രേഷ്ഠാചാരിയായി മാറും അഥവാ ഈ ഭാരതത്തിൽ എങ്ങനെ ശാന്തിയുണ്ടാകും. രാവണ രാജ്യത്തിൽ ശാന്തിയെങ്ങനെ ഉണ്ടാകും. ശാന്തി എവിടെ നിന്ന് ലഭിക്കുന്നു – ഇത് മാതാവ് തന്നെ മനസ്സിലാക്കി കൊടുക്കുന്നു. ശാന്തിധാമം നിർവ്വാണധാമമാണ്. ഇത് ദു:ഖധാമമാണ്. സത്യയുഗം സുഖധാമമാണ്. സത്യയുഗത്തിൽ ഒരു രാജ്യം മാത്രമായിരുന്നു. സുഖം, ശാന്തി, പവിത്രത എല്ലാമുണ്ടായിരുന്നു. ഇപ്പോഴില്ല. അതിനാൽ തീർച്ചയായും ഡ്രാമ പൂർത്തിയാകും. വൃക്ഷത്തിന്റെയും ആയുസ്സ് പൂർത്തിയായി. ദേവതകളുടെയും 84 ജന്മങ്ങൾ പൂർത്തിയായിരിക്കുകയാണ്. 84 ലക്ഷം ജന്മമൊന്നും സാധ്യമല്ല. ഇസ്ലാമി, ബൗദ്ധി ധർമ്മത്തിലുള്ളവർ ഇത്ര വർഷമായി അതിനാൽ 84 ലക്ഷം ജന്മം എങ്ങനെയുണ്ടാകും. ബാല്യം, യൗവനം, വാർദ്ധക്യം ആകുന്നതിൽ സമയമെടുക്കുന്നു. 84 ലക്ഷം ജന്മമാണെങ്കിൽ പിന്നെ വളരെ വിസ്തൃതമായിപ്പോകും. അതിനാൽ ഈ മാതാവ് മനസ്സിലാക്കി കൊടുക്കും നിങ്ങൾക്ക് പരംപിതാ പരമാത്മാവുമായി എന്താണ് സംബന്ധം. അവരാണെങ്കിൽ അച്ഛൻ, രചയിതാവാണല്ലോ. ആദ്യം ബ്രഹ്മാ, വിഷ്ണു, ശങ്കരനെ രചിക്കും പിന്നീട് ബ്രഹ്മാവിലൂടെ മനുഷ്യ സൃഷ്ടി രചിക്കുന്നു. ഒരു പുതിയ ലോകം രചിക്കുകയല്ല. അഥവാ അങ്ങനെയാണെങ്കിൽ മനുഷ്യർ ഇങ്ങനെ പറയുകയില്ല, പതിത പാവനാ വരൂ എന്ന്. ഈ സമയം മുഴുവൻ ലോകവും പതിതമാണ്, എല്ലാവരും ദുർഗതിയിലാണ്. ഓർമ്മിച്ചുകൊണ്ടിരിക്കുന്നു അല്ലയോ പരമാത്മാവേ കരുണ ചെയ്യൂ. ഞങ്ങളെ ഈ മായാവി ദു:ഖത്തിൽ നിന്ന് മോചിപ്പിക്കൂ. അതിനാൽ അവരെങ്ങനെ പിന്നെ ദു:ഖം നൽകും. ദു:ഖം നൽകുന്നത് തീർച്ചയായും മറ്റാരോ ആണ്. സത്യയുഗത്തിൽ എപ്പോൾ ഒരു ധർമ്മമായിരുന്നോ അപ്പോൾ മറ്റു ധർമ്മത്തിലെ ആത്മാക്കൾ നിർവ്വാണധാമത്തിലായിരുന്നു. ഇപ്പോഴാണെങ്കിൽ എല്ലാ ആത്മാക്കളും ഇവിടെയാണ് അതിനാൽ തീർച്ചയായും ബാബക്ക് വീണ്ടും വന്ന് ഒരു ധർമ്മത്തിന്റെ സ്ഥാപന ചെയ്യണം. ബ്രഹ്മാവിലൂടെ സ്ഥാപന പിന്നീട് അതേ ബ്രഹ്മാവ്, വിഷ്ണുവാകുന്നു. പിന്നീട് വിഷ്ണുവിന്റെ നാഭിയിൽ നിന്ന് ബ്രഹ്മാവ് വരുന്നു. അതിലിരുന്ന് ജ്ഞാനം നൽകുന്നു പിന്നീട് ദേവതയായി മാറുന്നു. രാജയോഗം പഠിക്കുന്നു. ബാക്കി ലോകത്തിലുള്ളവർ ഏതെല്ലാം അനേകം ചിത്രം ഉണ്ടാക്കിയിരിക്കുന്നു, അതെല്ലാം കെട്ടുകഥകളാണ്. മുഖ്യമായ കാര്യമാണ് ഗീതാമാതാവിന്റെ ഭഗവാനാരാണ്? മനസ്സിലാക്കി കൊടുക്കണം – പരംപിതാ പരമാത്മാവ് വിഷ്ണുവിന് ജന്മം നൽകുന്നു. ബ്രഹ്മാവിനും ജന്മം നൽകുമല്ലോ. അവരാണെങ്കിൽ സത്യയുഗത്തിലെ ദേവതകളാണ്. ബ്രഹ്മാവ് എവിടെയുള്ളതാണ്? തീർച്ചയായും കലിയുഗത്തിലെയായിരിക്കും. അനേക ജന്മങ്ങളുടെ അന്തിമജന്മം തീർച്ചയായും ദേവതകളുടെത് തന്നെയായിരിക്കും. ആരാണോ ശ്രേഷ്ഠാചാരിയായിരുന്നത്, അവർ ഇപ്പോൾ ഭ്രഷ്ടാചാരിയാണ്. രണ്ട് യുഗങ്ങളിൽ സൂര്യവംശീ, ചന്ദ്രവംശിയുടെ രാജ്യം, 4 ഭാഗമാണ്. ലക്ഷക്കണക്കിന് വർഷങ്ങളുടെ കാര്യമില്ല. പറയുന്നു ക്രിസ്തുവിന് 3000 വർഷങ്ങൾക്ക് മുമ്പ് ഭാരതം സ്വർഗ്ഗമായിരുന്നു. ഇതെല്ലാം നല്ല രീതിയിൽ മനസ്സിലാക്കികൊടുക്കേണ്ടതുണ്ട്. ബാബ പറയുന്നു ഇവരെല്ലാം ദത്തെടുക്കപ്പെട്ട കുട്ടികളാണ്. ഇപ്പോൾ വിനാശം മുന്നിൽ നിൽക്കുകയാണ്. ഭ്രഷ്ടാചാരി ഭാരതത്തിൽ ഒരു മനുഷ്യനും ശ്രേഷ്ഠാചാരിയാവാൻ സാധിക്കില്ല. ബാബ മനസ്സിലാക്കി തന്നിട്ടുണ്ട് ദേവതകൾ വാമമാർഗ്ഗത്തിലേക്ക് എപ്പോൾ പോകുന്നുവോ അപ്പോൾ പിന്നീട് ഈ സന്യാസിമാർ പവിത്രതയുടെ ബലത്താൽ ഭാരതത്തെ നിലനിർത്തുന്നു. ഈ സമയം എല്ലാവരും പതിതമായിരിക്കുകയാണ്. നദിയാണെങ്കിൽ സാഗരത്തിൽ നിന്നാണ് വരുന്നത്, നദികളെ പതിത പാവനിയെന്ന് പറഞ്ഞ് അതിൽ സ്നാനം ചെയ്യുന്നു. ഇപ്പോൾ നദികളെല്ലാം സ്ഥലങ്ങളാണ്. നദിയെങ്ങനെ പതിത പാവനിയാകാൻ സാധിക്കും. പതിത പാവനനാണെങ്കിൽ ഒരേയൊരു പരംപിതാ പരമാത്മാവാണ്. ഇവിടെയാണെങ്കിൽ ജ്ഞാനഗംഗകൾ വേണം ആരാണോ മനുഷ്യരെ ഭ്രഷ്ടാചാരിയിൽ നിന്ന് ശ്രേഷ്ഠാചാരിയാക്കുന്നത് – സഹജ രാജയോഗത്തിലൂടെ. ബാബ പറയുന്നു ഞാൻ സർവ്വ ശക്തിവാനാണ്, എന്നിൽ യോഗം വെക്കുന്നതിലൂടെ സർവ്വ വികർമ്മവും വിനാശമാകും. ശരി –

വളരെക്കാലത്തെ വേർപാടിനുശേഷം തിരികെക്കിട്ടിയ മധുര മധുരമായ സന്താനങ്ങൾക്ക് മാതാവും പിതാവുമായ ബാപ്ദാദയുടെ സ്നേഹ സ്മരണകളും പുലർകാല വന്ദനവും. ആത്മീയ പിതാവിന്റെ ആത്മീയ കുട്ടികൾക്ക് നമസ്ക്കാരം.

**ധാരണയ്ക്കുള്ള മുഖ്യ സാരം:-**

1. ഏറ്റവും വലുതിലും വലിയ ഹൈയസ്റ്റ് അതോറിറ്റിയാണ് ബാബ, ബാബയെ യഥാർത്ഥ രൂപത്തിൽ തിരിച്ചറിഞ്ഞ് ആദരവ് കൊടുക്കണം. ബാബയുടെ ശ്രീമതത്തിൽ പൂർണ്ണമായും നടക്കണം.

2. ബാബ ജ്ഞാനത്തിന്റെ കലശം മാതാക്കൾക്ക് നൽകിയിരിക്കുകയാണ്, അവരെ മുന്നിൽ വെക്കണം.

## വരദാനം:- സർവ്വതും ബാബക്ക് കൈമാറ്റം ചെയ്ത് ഡബിൾലൈറ്റ് ആയിരിക്കുന്ന ബാബക്ക് സമാനം സ്നേഹിയും നിർമ്മോഹിയുമായി ഭവിക്കട്ടെ.

ഡബിൾ ലൈറ്റിന്റെ അർത്ഥം സർവ്വതും ബാബക്ക് കൈമാറ്റം ചെയ്യുക എന്നതാണ്. ശരീരം പോലും എന്റേതല്ല. ഈ ശരീരം സേവാർത്ഥം ബാബ നൽകിയതാണ്. ശരീരം-മനസ്സ്-ധനം എല്ലാം നിന്റേത് എന്നാണ് നിങ്ങളുടെ പ്രതിജ്ഞ. ശരീരമേ താങ്കളുടേതല്ലെങ്കിൽ പിന്നെ ബാക്കിയെന്താണുള്ളത്. അതിനാൽ സദാ കമലപുഷ്പത്തിന്റെ ഉദാഹരണം സ്മൃതിയിലുണ്ടായിരിക്കണം, അതായത് ഞാൻ കമലപുഷ്പസമാനം സ്നേഹിയും നിർമ്മോഹിയുമാണ്. അങ്ങിനെ നിർമ്മോഹിയായിരിക്കുന്നവർക്ക് പരമാത്മാ സ്നേഹത്തിന്റെ അധികാരം ലഭിക്കുന്നു.

## സ്ലോഗൻ:- മര്യാദയുടെ വരക്കുള്ളിൽ കഴിയുന്നവർ തന്നെയാണ് മര്യാദാ പുരുഷോത്തമർ.

**ലൗലീന സ്ഥിതിയുടെ അനുഭവം ചെയ്യുന്നതിന് വേണ്ടി :** താങ്കളുടെ നയനങ്ങളിലും മുഖത്തിലൂടെ വരുന്ന ഓരോ വാക്കുകളിലും ബാബ ഉൾക്കൊണ്ടിരിക്കണം. എങ്കിൽ താങ്കളുടെ ശക്തിശാലി സ്വരൂപത്തിലൂടെ സർവ്വശക്തിവാൻ ദൃശ്യമാകും. സ്ഥാപനയുടെ ആദി കാലത്ത് ബ്രഹ്മാവിന്റെ രൂപത്തിൽ ശ്രീകൃഷ്ണനെ കാണപ്പെട്ടിരുന്നത് പോലെ ഇപ്പോൾ താങ്കൾ കുട്ടികളിലൂടെ സർവ്വശക്തിവാനെ കാണപ്പെടണം.